# Desabhimani
# 30 August 2018
# Kochi; Kerela Flood Relief Fund

## സമ്പാദ്യക്കുടുക്ക ദുരിതാശ്വാസനിധിയിലേക്കു നൽകി ഭിന്നശേഷിക്കാരായ വിദ്യാർഥികൾ



മിത്രം പുനരധിവാസ കേന്ദ്രത്തിലെ വിദ്യാർഥികളുടെ ധനസഹായം കലക്ടർ മുഹമ്മദ് വൈ സഫീറുള്ളയ്ക്ക് കൈമാറുന്നു

**മുളന്തുരുത്തി**

പ്രളയദുരിതബാധിതർക്കായി നാട് കൈകോർക്കുമ്പോൾ സമ്പാദ്യക്കുടുക്കയിലെ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി ഭിന്നശേഷിക്കാരായ വിദ്യാർഥികൾ. ആരക്കുന്നത്തെ മിത്രം പുനരധിവാസകേന്ദ്രത്തിലെ വിദ്യാർഥികളാണ് ദുരിതാശ്വാസനിധിയിലേക്ക് 50,000 രൂപ നൽകിയത്. രക്ഷിതാക്കളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രത്തിലെ 91 കുട്ടികളുടെ സംരംഭമായ മിത്രം ചാരിറ്റി ബോക്സിലെ കുട്ടികളുടെ നിക്ഷേപമാണ് ദുരിതാശ്വാസനിധിയിലേക്ക് കൈമാറിയത്.

നേരത്തെ ഓഖി ദുരന്തനിവാരണത്തിനും കുട്ടികൾ 10,000 രൂപ നൽകിയിരുന്നു. കുട്ടികളുടെ ധനസഹായം വിദ്യാർഥികളായ ജിനോഫ്, അജിത്, സിറിൽ, വിനയ് എന്നിവർചേർന്ന് കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ളയ്ക്ക് കൈമാറി.

## എംബിആർ ട്രസ്റ്റ് 10 ലക്ഷം നൽകി

**കൊച്ചി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എംബിആർ ട്രസ്റ്റ് 10 ലക്ഷം രൂപ നൽകിയതായി എറണാകുളം സ്പെഷ്യലിസ്റ്റ്സ് ആശുപത്രി ഡയറക്ടർ ഡോ. കെ ആർ രാജപ്പൻ അറിയിച്ചു.

## പ്രളയ ബാധിതർക്ക് മിക്സി നൽകി

**കളമശേരി**

പ്രളയ ബാധിതർക്ക് കൈത്താങ്ങായി സ്വകാര്യവ്യക്തികൾ മിക്സി വിതരണം ചെയ്തു. കളമശേരി നഗരസഭാ പരിധിയിൽ ദുരിതമനുഭവിക്കുന്ന നിർധനരായ 125 കുടുംബങ്ങൾക്കാണ് മിക്സി നൽകിയത്. സ്ട്രാപ്പ് ബിസിനസുകാരായ കളമശേരി നഗരസഭാ മുൻ കൗൺസിലർ സലിം പതുവനയും ചെന്നൈ സ്വദേശി മജീദും ചേർന്നാണ് മിക്സികൾ നൽകിയത്.

## നാവികസേന നൽകും 8.9 കോടി

**കൊച്ചി**

പ്രളയക്കെടുതി ദുരിതാശ്വാസമായി നാവികസേന 8.9 കോടി രൂപ നൽകും. സേനാംഗങ്ങൾ ശമ്പളത്തിൽനിന്ന് സംഭാവനചെയ്ത തുകയാണിത്. നാവികസേനാ മേധാവി അഡ്മിറൽ സുനിൽ ലാൻബ വ്യാഴാഴ്ച മുഖ്യമന്ത്രി പിണറായി വിജയന് തുകയ്ക്കുള്ള ചെക്ക് കൈമാറും. തുടർന്നും നാവികസേനയുടെ സഹായം ആവശ്യമെങ്കിൽ നൽകും.

> 25 ലക്ഷം രൂപയുടെ ദുരിതാശ്വാസ സാമഗ്രികൾ കൈമാറി

വരാപ്പുഴയിലെ മുട്ടിനകത്തും കടമക്കുടിയിലെ ചെറിയ കടമക്കുടിയിലും നടക്കുന്ന പ്രവർത്തനങ്ങൾ നാവികസേന ഏറ്റെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. മുട്ടിനകം പുഴയോരത്ത് പൂർണമായി തകർന്ന വീടുകൾ പുനർനിർമിക്കും. പ്രാഥമികാരോഗ്യകേന്ദ്രം, അങ്കണവാടി എന്നിവ നവീകരിക്കും. ഇവിടേക്ക് ഫർണിച്ചറുകൾ, കളിക്കാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ നൽകും. ചെറിയ കടമക്കുടിയിൽ മൂന്നു വീടുകൾ പുനർനിർമിക്കും. കുടിവെള്ളത്തിനു ജലം ശുദ്ധീകരിക്കാനായി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിച്ചിരുന്നു. ഇത് 28 മുതൽ പ്രവർത്തനം തുടങ്ങി. വസ്ത്രങ്ങൾ, ശുചീകരണ ഉപകരണങ്ങൾ തുടങ്ങിയവ അടങ്ങുന്ന 1300 കിറ്റുകൾ നാവികസേന വിതരണംചെയ്തു. മുട്ടിനകത്ത് 800, ചെറിയ കടമക്കുടിയിൽ 500 കിറ്റുകൾവീതമാണ് നൽകിയത്. പിഴല ദ്വീപിനെയും ചെറിയ കടമക്കുടിയെയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമാണവും പരിഗണിക്കും. നാവികസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ദക്ഷിണ നാവിക കമാൻഡിന് അഡ്മിറൽ സുനിൽ ലാൻബ നിർദേശംനൽകി.

എംഎൽഎമാരായ എസ് ശർമ, വി ഡി സതീശൻ, ജില്ലാ കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ള എന്നിവരുമായി വൈസ്അഡ്മിറൽ എ കെ ചാവ്‌ല ചർച്ച നടത്തി. നേവി വൈവ്സ് വെൽഫെയർ അസോസിയേഷൻ (എൻഡബ്ല്യുഡബ്ല്യുഎ) സമാഹരിച്ച 25 ലക്ഷം രൂപയുടെ ദുരിതാശ്വാസസാമഗ്രികൾ പ്രസിഡന്റ് റീന ലാൻബ അധികൃതർക്ക് കൈമാറി.

## ദുരന്തബാധിത മേഖലയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

**പറവൂർ**

പൂയപ്പിള്ളി സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ലേക്ഷോർ ആശുപത്രി, കൊച്ചി സിറ്റി പൊലീസ്, മൈക്രോമാക്സ് എന്നിവരുടെ സഹകരണത്തോടെ പ്രളയബാധിത മേഖലയായ പൂയപ്പിള്ളിയിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

വായനശാലയിൽ നടന്ന ക്യാമ്പ് അസിസ്റ്റന്റ് സിറ്റി പൊലീസ് കമീഷണർ ടി ആർ രാജേഷ് ഉദ്ഘാടനം ചെയ്തു.

സാംസ്കാരിക വേദി പ്രസിഡന്റ് എൻ എസ് പ്രഭാകരൻ അധ്യക്ഷനായി. സൗജന്യ മരുന്നുവിതരണവും നടന്നു.